## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2601** **06/12/2018-ൽ മറുപടിയ്ക്ക്**

## ചവറയിലെ സ്മാർട്ട് ക്ലാസ് റൂം പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.എൻ. വിജയൻ പിള്ള** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന് സഹായകരമായി എൽ.പി, യു.പി സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം ആരംഭിക്കുന്നതിലേക്കായി സ്കൂളുകളെ തെരഞ്ഞെടുത്തിരുന്നതിന്റെ പ്രവർത്തനങ്ങൾ ഏതുവരെയായി എന്ന് അറിയിക്കുമോ; | (എ) | സഹകരണ വകുപ്പ് മുഖാന്തിരം ഒരു നിയോജകമണ്ഡലത്തിൽ ഒരു യു.പി. സ്കൂൾ വീതം 140 നിയോജകമണ്ഡലങ്ങളിലായി 140 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ, ജില്ലയിലെ ഓരോ നിയോജകമണ്ഡലത്തിലെയും എം.എൽ.എ മാർ ലഭ്യമാക്കുന്ന ലിസ്റ്റും, സന്നദ്ധരായ സംഘങ്ങളുടെ ലിസ്റ്റും തയ്യാറാക്കിയിരുന്നു.<br><br>എന്നാൽ പൊതു വിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിൽ സംസ്ഥാനത്തെ എൽ.പി/യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിച്ച് നൽകുന്നതിന് പദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖാന്തിരം സ്മാർട്ട് ക്ലാസ് മുറികളും ഊർജ്ജക്ഷമതയുള്ള അടുപ്പുകളും നിർമ്മിച്ച് നൽകുന്ന പദ്ധതി തൽക്കാലം തുടരേണ്ടതില്ല എന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ സഹകരണ സംഘങ്ങൾ പൊതുയോഗ തീരുമാനപ്രകാരം തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ച് നൽകുന്നുണ്ട്. ഈ രീതി തുടരാവുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | ചവറ നിയോജക മണ്ഡലത്തിൽ ഇത്തരത്തിൽ സഹകരണ വകുപ്പ് എത്ര സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം നിർമ്മിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ? | (ബി) | തെക്കുംഭാഗം സർവ്വീസ് സഹകരണ ബാങ്കിന്റെ ധനസഹായത്തോടെ, തെക്കുംഭാഗം ഗവൺമെന്റ് എൽ.വി.എൽ.പി. സ്കൂളിലും, തേവലക്കര ഫാർമേഴ്സ് സഹകരണ ബാങ്കിന്റെ സഹായത്തോടെ മൊട്ടയ്ക്കൽ ഗവൺമെന്റ് എൽ.പി. സ്കൂളിലും സ്മാർട്ട് ക്ലാസ് റൂം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**